## വിജിലൻസ് വകുപ്പിന്റെ നവീകരണം

9 (*9) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നിവ പഠിക്കുന്നതിനുവേണ്ടി കേരള ഹൈക്കോടതി അമിക്കസ് ക്യൂറിമാരെ നിയമിച്ചിട്ടുണ്ടോ ; ഇതിനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) വിജിലൻസിന്റെ പ്രവർത്തനഘടനയെക്കുറിച്ചും, നവീകരണത്തിനുംവേണ്ടി സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളെക്കുറിച്ച് കേരള ഹൈക്കോടതി ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഇത് സംബന്ധിച്ച ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) വിജിലൻസിന് ശരിയായ നിലയിലും സ്വതന്ത്രമായും പ്രവർത്തിക്കാൻ സാധിക്കാത്തത് മൂലം സാധാരണക്കാർക്ക് നീതി ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No. 2530/14, 2272/15 എന്നീ കേസ്സുകളിൽ വാദത്തിനിടയിൽ 18-6-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി രണ്ട് അമിക്കസ് ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടായിരുന്നു.

(ബി) ഹൈക്കോടതി ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സ്വതന്ത്രാധികാരവും പ്രവർത്തന സ്വാതന്ത്ര്യവും നിലനിൽക്കുന്നില്ലെന്ന സൂചന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവിൽ ഉണ്ടായിരുന്നതിനാലും ഇത് വസ്തുതകൾക്ക് വിരുദ്ധമായതിനാലും ടി വിധിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിജിലൻസ് ശരിയായ രീതിയിലും നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly